DESPATCHED
On..05/03/2020

7/1/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1455*(2)/2019*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. *10202/എസ്.ഐ.സി–ജി 6/19*

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീമതി എസ്.മണിമേഖല,<br>റൂം "GE"ആസ്റ്റർ സ്ക്വയർ ബിൽഡിംഗ്,<br>എം.സി. പി.ഒ., തിരുവനന്തപുരം – 11. | അപ്പീൽ ഹർജിക്കാരി |

Vs

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&<br>പരീക്ഷാ സെക്രട്ടറി,<br>പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,<br>പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം – 12.<br><br>2. അപ്പീൽ അധികാരി&<br>ജോയിന്റ് കമ്മീഷണർ,<br>പരീക്ഷാ ഭവൻ ജോയിന്റ് കമ്മീഷണറുടെ,<br>കാര്യാലയം, പരീക്ഷാ ഭവൻ, പൂജപ്പുര,<br>തിരുവനന്തപുരം – 12. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 09.02.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 23.02.2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 23.03.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 14.06.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 14.06.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.10.2019– കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

<u>**ഉത്തരവ്**</u>

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരിയായ ശ്രീമതി എസ്.മണിമേഖല, 14.06.2019ന് സമർപ്പിച്ച അപ്പീൽ ഹർജി അന്നേദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1455(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് തൃപ്തികരമായ മറുപടി ലഭ്യമാകാത്തതിനെ തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന് നാളിതുവരെ വിവരങ്ങളും ലഭ്യമായില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ്.

3. അപ്പീൽ ഹർജിക്കാരി 09.02.2019ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 1975 ഏപ്രിൽ മാസത്തിൽ സെന്റ് മേരീസ് ഹൈസ്കൂൾ, പട്ടം, തിരുവനന്തപുരം -ൽ നിന്നും 130932 രജിസ്റ്റർ നമ്പരായി എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ വിദ്യാർത്ഥി ആരാണെന്നും പ്രസ്തുത വിദ്യാർത്ഥി പാസ്സായോ എന്നും ടിയാന്റെ പേര്, വയസ്സ്, വിലാസം എന്നിവ നൽകണമെന്നും എത്ര ശതമാനം മാർക്കിലാണ് ടിയാൻ ജയിച്ചതെന്നുമാണ്. ആയതിന് 23.02.2019ന് നൽകിയ മറുപടിയിൽ വിവരാവകാശ നിയമം വകുപ്പ് 8(1)(ജെ) പ്രകാരം ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ മറ്റൊരു വ്യക്തിയുടെ സ്വകാര്യമായ വിവരങ്ങളാണെന്നും ടി വ്യക്തിയുടെ അറിവോ സമ്മതമോ കൂടാതെ വിവരങ്ങൾ ലഭ്യമാക്കാൻ കഴിയില്ലെന്നും ടിയാൾ ആവശ്യപ്പെട്ട വിവരങ്ങളിൽ പൊതു താല്പര്യം ഉള്ളതായി കാണുന്നില്ലെന്നുമാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 23.03.2019ന് ഒന്നാം അപ്പീൽ സമർപ്പിച്ചതായും കാണുന്നു. ടി അപ്പീലിന് 16.05.2019ന് നൽകിയ മറുപടിയിൽ ഹർജിക്കാരിയുടെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നും ടിയാൾ ആവശ്യപ്പെട്ടത് മറ്റൊരു വ്യക്തിയുടെ സ്വകാര്യമായ വിവരങ്ങളാണെന്നും പ്രസ്തുത വ്യക്തിയുടെ അറിവോ സമ്മതമോ കൂടാതെ വിവരങ്ങൾ ലഭ്യമാക്കാൻ കഴിയില്ലെന്നും ആകയാൽ ഒന്നാം എതിർകക്ഷിയുടെ മറുപടി ശരിവച്ച് അപ്പീൽ നിരസിച്ച് ഉത്തരവായെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 28.10.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരിയ്ക്ക് സമയബന്ധിതമായി വിവരങ്ങൾ നൽകിയിട്ടുണ്ടെന്നു കമ്മീഷനു ബോധ്യമാകുന്നു. ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാളുടെ 3 ചോദ്യങ്ങൾക്ക് മറുപടി നൽകിയില്ലെന്നും ടിയാന്റെ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ വിവരങ്ങൾ കളവാണെന്നും

പേര് വെട്ടിത്തിരുത്തിയിരിക്കുന്നുവെന്നും സ്കൂളിന്റെ പേരും തിരുത്തിയെന്നും ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഒരു വ്യക്തിയുടെ വിവരമാണ് ടിയാൾ ആവശ്യപ്പെട്ടിരിക്കുന്നതെന്നും ആയത് വിവരാവകാശ നിയമത്തിലെ 8(1)(ജെ) വകുപ്പു പ്രകാരം നൽകാൻ സാധ്യമല്ലെന്ന് അറിയിച്ചിട്ടുണ്ടെന്നുമാണ്. എന്നാൽ 1975 കാലഘട്ടത്തിലെ വിവരമായതിനാൽ ടി രജിസ്റ്റർ നമ്പറിന്റെ ഉടമയെ കണ്ടെത്തി ടിയാന്റെ സമ്മതം അരായാൻ നിർദ്ദേശം നൽകാൻ കമ്മീഷൻ മുതിരുന്നില്ല. ആയത് പ്രസ്തുത ഓഫീസിന്റെ ദൈനംദിന പ്രവർത്തനത്തെ സാരമായി ബാധിക്കുമെന്നതിനാലും ടി ഓഫീസിന്റെ മാനവവിഭവശേഷി അധികമായി ഉപയോഗിക്കേണ്ടിവരുമെന്നതിനാലും ഒന്നാം എതിർകക്ഷിയുടെ മൊഴിയും റിപ്പോർട്ടും കമ്മീഷൻ അംഗീകരിക്കുന്നു. ആകയാൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 ജനുവരി മാസം 07-ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)